# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കാസർകോട്

ഡിസംബർ 26

December 26

2018

1193 ധനു 11 ബുധൻ

# പത്രക്കുറിപ്പ്


www.prd.kerala.gov.in dioksgd@gmail.com ഫോൺ 0494 255145

## ഗദ്ദികയിൽ ഇന്ന്

പട്ടികജാതി പട്ടിക വർഗ വികസന വകുപ്പും, കിർത്താഡ്സും സംയുക്തമായി സംഘടിപ്പിക്കുന്ന ഗദ്ദിക നാടൻ കലാമേളയിൽ ഇന്ന് (27) വൈകീട്ട് നടക്കുന്ന സാംസ്കാരിക സായാഹ്നം വൈകുന്നേരം 5.30 ന് ജില്ലാകളക്ടർ ഡോ. ഡി. സജിത്ത് ബാബു ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ജില്ലാ പഞ്ചായത്തംഗം വി. പി. പി. മുസ്തഫ അധ്യക്ഷത വഹിക്കും. കണ്ണൂർ സയൻസ് പാർക്ക് ഡയറക്ടർ എ. വി. അജയകുമാർ പ്രഭാഷണം നടത്തും. തുടർന്ന് കണ്ണൂർ മുരുകാലയം കെ. കുമാരൻ അവതരിപ്പിക്കുന്ന ചിമ്മാനകളി, കെ. സജീവൻ അവതരിപ്പിക്കുന്ന നാടൻപ്പാട്ട്, പാലക്കാട് ഹരിജൻ കലാസംഘം അവതരിപ്പിക്കുന്ന പറപൂതൻ, കേരള ലളിതകലാ അക്കാദമി അവതരിപ്പിക്കുന്ന നാടകം കോലൻ എന്നിവ അരങ്ങേറും.

## ഗദ്ദികയിൽ നാളെ

കാലിക്കടവിൽ നടക്കുന്ന ഗദ്ദിക മേളയുടെ നാളത്തെ (28) സാംസ്കാരിക സായാഹ്നം പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി. രാജൻ ഉദ്ഘാടനം

ചെയ്യും. സംസ്ഥാനതല പട്ടികവർഗ ഉപദേശക സമിതി അംഗം ഒക്ലാവ് കൃഷ്ണൻ, ചടങ്ങിൽ അധ്യക്ഷത വഹിക്കും. മലയാളം മിഷൻ ഡയറക്ടർ സുജ സൂസൻ ജോർജ് പ്രഭാഷണം നടത്തും. തുടർന്ന് കാസർകോട് ദ്രാവിഡ ഗോത്രകലാ അക്കാദമി ഉമേഷും സംഘവും അവതരിപ്പിക്കുന്ന മംഗലം കളി , തൃശ്ശൂർ അയ്യപ്പൻ നാടൻ കലാസമിതി അവതരിപ്പിക്കുന്ന മുടിയാട്ടവും വേലകളിയും ചേളന്നൂർ പ്രേമൻ അവതരിപ്പിക്കുന്ന പന്തക്കളി, കേരള കലാമണ്ഡലം അവതരിപ്പിക്കുന്ന നൃത്തവും അരങ്ങിലെത്തും.

## കൃഷി സിഞ്ചായി യോജന:

## കാറഡുക്ക ബ്ലോക്കിന് 3.20 കോടി രൂപ അനുവദിച്ചു

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന നീർത്തട ഘടകത്തിനു കീഴിൽ 2018-2019 വർഷത്തേക്ക് കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന് 320 ലക്ഷം രൂപ അനുവദിച്ചു. കാർഷികാവശ്യത്തിനുള്ള കുളങ്ങളുടെ നിർമ്മാണം, ചെക്ക് ഡാം നിർമ്മാണം, തോടുകളുടെ പാർശ്വഭിത്തി സംരക്ഷണം, മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങൾ, ജലാഗിരണ കുളങ്ങളുടെ നിർമ്മാണം, ഉപരിതല-ഭൂഗർഭ ജലവിതാനം ഉയർത്തൽ തുടങ്ങിയ വിവിധ പ്രവൃത്തികൾക്ക് വേണ്ടിയാണ് തുകയനുവദിച്ചത്.ബേഡഡുക്ക, മുളിയാർ എന്നീ ഗ്രാമപഞ്ചായത്തുകളുടെ 15 നീർത്തട കമ്മിറ്റികൾക്കാണ് നിർവ്വഹണ ചുമതല. ജില്ലാ ഇറിഗേഷൻ പ്ലാൻ അനുസരിച്ച് പി.എം.കെ.എസ്.വൈയുടെ സംസ്ഥാനതല സാംഗ്ഷനിങ് കമ്മിറ്റിയാണ് പദ്ധതിക്ക് അംഗീകാരം നൽകിയത്. വാർഷിക കർമ്മ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നടത്തിയ ശിൽപശാല കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഓമന രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ബേഡഡുക്ക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു. പ്രോജക്ട് ഡയറക്ടർ വി.കെ. ദിലീപ്, ടെക്നിക്കൽ എക്സ്പേർട്ട് എം. ഭാസ്കരൻ, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ബി. ബാലകൃഷ്ണ, സെറി കൾച്ചർ ഓഫീസർ കെ.വി. മുഹമ്മദ് മദനി, ജനപ്രതിനിധികൾ, നീർത്തട കമ്മിറ്റി ഭാരവാഹികൾ, നിർവ്വഹണ കമ്മിറ്റി ഉദ്യോഗസ്ഥർ പങ്കെടുത്തു.

## പദ്ധതി ഇന്ത്യയിൽ ആദ്യം:

## കുട്ടിറിപ്പോർട്ടർമാർക്കുള്ള ക്യാമ്പിന് ജില്ലയിൽ തുടക്കം

പഠന പ്രവർത്തനങ്ങൾക്ക് ഡിജിറ്റൽ ഉള്ളടക്കം തയ്യാറാക്കുന്നതോടൊപ്പം വിദ്യാലയങ്ങളിൽ നിന്നുള്ള വാർത്തകളും പ്രവർത്തനങ്ങളും തയ്യാറാക്കി റിപ്പോർട്ടു ചെയ്യുന്നതിന് ജില്ലയിലെ 3246 ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ കുട്ടിറിപ്പോർട്ടർമാരായി സജ്ജമാക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ

എഡ്യൂക്കേഷൻ (കൈറ്റ്) സംഘടിപ്പിക്കുന്ന പരിശീലന ക്യാമ്പിന് തുടക്കമായി. ആദ്യത്തെ ക്യാമ്പ് ജി.എച്ച്.എസ്.എസ് ഉപ്പളയിൽ വച്ച് നടന്നു. ജില്ലയിൽ ആകെയുള്ള 112 ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിൽ നിന്ന് തെരഞ്ഞെടുത്ത 332 അംഗങ്ങൾക്ക് 15 കേന്ദ്രങ്ങളിൽവച്ചാണ് രണ്ടുദിവസത്തെ പരിശീലനം നൽകുന്നത്. ഡിജിറ്റൽ ക്യാമറ ഉപയോഗിച്ച് പഠന വിഭവങ്ങൾ ഉണ്ടാക്കുന്നതിനും സ്കൂളുകളിൽനിന്ന് കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലൂടെ സംപ്രേഷണത്തിന് അനുയോജ്യമായ വാർത്തകളും വിഭവങ്ങളും തയാറാക്കുന്നതിനും കുട്ടി റിപ്പോർട്ടർമാരെ പ്രാപ്തരാക്കുന്ന വിധത്തിലാണ് പരിശീലനം. കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനാണ് (കൈറ്റ്) ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ വിഭവങ്ങൾ ഉണ്ടാക്കുന്നതിനും വാർത്തകൾ തയ്യാറാക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നത്. വാർത്ത കണ്ടെത്തൽ, സ്ക്രിപ്റ്റ് രചന, ക്യാമറയുടെ പ്രവർത്തനം, ഫോട്ടോഗ്രഫി, വീഡിയോ ഷൂട്ടിംഗ്, ഓഡിയോ റെക്കോർഡിംഗ്, ഓഡിയോ മിക്സിംഗ്, വീഡിയോ എഡിറ്റിംഗ്, ടൈറ്റിലിങ്ങ്, ആങ്കറിംഗ് എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ പരിശീലനത്തിന്റെ ഭാഗമാണ്. കുട്ടിറിപ്പോർട്ടർമാർ തയ്യാറാക്കുന്ന വീഡിയോകൾ ഹൈടെക് സ്കൂളുകളിലെ ഡിജിറ്റൽ ശൃംഖലവഴി കേന്ദ്രീകൃത സെർവറിലേക്ക് സ്കൂളുകൾക്ക് അപ്‌ലോഡുചെയ്യാനും കൈറ്റ് സംവിധാനം ഒരുക്കിയിട്ടുണ്ട്.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ഹൈസ്കൂൾ-ഹയർസെക്കൻഡറി വിഭാഗങ്ങളിലെ 244 സ്കൂളുകൾക്ക് ഡി.എസ്.എൽ.ആർ ക്യാമറ ലഭ്യമാക്കിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം, പരിപാലനം എന്നിവ പരമാവധി ഉറപ്പുവരുത്തുന്നതിന് കുട്ടികൾക്കും സ്കൂളുകളിലെ ചുമതലക്കാർക്കും നിർദ്ദേശവും പരിശീലനവും നൽകിയിട്ടുണ്ട്. 'സമഗ്ര' പോർട്ടലിലേക്ക് അക്കാദമിക് സ്വഭാവമുള്ള ഡിജിറ്റൽ ഉള്ളടക്കം തയ്യാറാക്കുന്നതിനും പരിശീലനം നൽകി വരുന്നുണ്ട്. ഇതിന് പുറമെയാണ് കൈറ്റ് വിക്ടേഴ്സിലേക്കും മറ്റുമായി സ്കൂൾ വാർത്തകൾ തയ്യാറാക്കുന്നതിനുള്ള പ്രത്യേക അവധിക്കാല ക്യാമ്പ് ഡിസംബർ 26 ന് ആരംഭിച്ചത്. പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിത മൾട്ടിമീഡിയ-ഗ്രാഫിക്സ് സങ്കേതങ്ങൾ ഉപയോഗിച്ച് ഇത്രയും കൂടുതൽപേർക്ക് വാർത്തകൾ തയ്യാറാക്കുന്നതുമുതൽ അവയുടെ എഡിറ്റിംഗും സംപ്രേഷണവും ഉൾപ്പെടെ പൂർണതോതിലുള്ള പരിശീലനം നൽകുന്നത് ഇന്ത്യയിൽ ആദ്യമായാണെന്ന് കൈറ്റ് വൈസ് ചെയർമാൻ കെ.അൻവർ സാദത്ത് അറിയിച്ചു.

**ഫോട്ടോ അടിക്കുറിപ്പ് (സ്റ്റുഡന്റ് റിപ്പോർട്ടർ):** ജി. എച്ച്.എസ്.എസ് ഉപ്പളയിൽ വച്ച് നടക്കുന്ന കുട്ടി റിപ്പോർട്ടർ പരിശീലന ക്യാമ്പിൽ നിന്ന്

## തുളു അക്കാദമി ക്രിസ്തുമസ് ആഘോഷിച്ചു

കേരള തുളു അക്കാദമി വോർക്കാടി മൊറത്തനെയിൽ ക്രിസ്തുമസ് ആഘോഷിച്ചു. കർണാടക ലോകായുക്ത മുൻ രജിസ്ട്രാർ മൂസാകുഞ്ഞി നായർമൂല ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. തുളുനാട്ടിലെ ജനങ്ങളിൽ പരസ്പര വിശ്വാസവും സ്നേഹവും നിലനിൽക്കുന്നുവെന്നും ഇന്നത്തെ സാഹചര്യത്തിൽ പരസ്പര വിശ്വാസവും മതസൗഹാർദ്ദവും ഊട്ടിയുറപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. ക്രൈസ്തവ മിഷനറികൾ തുളു ഭാഷയ്ക്ക് നൽകിയ സംഭാവനകൾ എന്ന വിഷയത്തിൽ സെമിനാർ നടന്നു. തുളുഭാഷ സാഹിത്യലോകത്ത് ബാസെൽ മിഷനറികൾ നൽകിയ സംഭാവനകളും തുളു നിഘണ്ടു, സാഹിത്യം തുടങ്ങിയ നിരവധി പ്രവർത്തനങ്ങളെപ്പറ്റി വോർക്കാടി ചർച്ച് മുഖ്യ പുരോഹിതൻ റവ. ഫ്രാൻസിസ് റോഡ്രിഗസ് വിശദീകരിച്ചു. തുളു അക്കാദമിയുടെ തുളു ഭവൻ നിർമ്മാണ പ്രവർത്തനം ഉടൻ തുടങ്ങുമെന്നും, തുളു സംസ്കാരമായ കമ്പള മത്സരം എല്ലാ വർഷവും നടത്തുവാനുള്ള സാഹചര്യത്തിന് വേണ്ടി പ്രയത്നിക്കുമെന്നും പരിപാടിയുടെ അദ്ധ്യക്ഷത വഹിച്ചുകൊണ്ട് തുളു അക്കാദമി ചെയർമാൻ ഉമേഷ് എം. സാലിയാൻ പറഞ്ഞു. വോർക്കാടി ഗ്രാമപഞ്ചായത്ത് മെമ്പർമാരായ തുളസി കുമാരി, സീത, ഇന്ദിര, ഭാരതി, മീഞ്ച പഞ്ചായത്ത് മെമ്പർ ശോഭ സോമപ്പ, പ്രൊഫ. ഗിരിധർ, എസ്. ജെ. ദിവാകര തുടങ്ങിയവർ സംസാരിച്ചു. അക്കാഡമി സെക്രട്ടറി വിജയകുമാർ പാവള സ്വാഗതവും , ഗീത വി സാമാനി നന്ദിയും പറഞ്ഞു. തുടർന്ന് കലാ പരിപാടികൾ അരങ്ങേറി.

**ഫോട്ടോ അടിക്കുറിപ്പ് (തുളു അക്കാദമി-ക്രിസ്തുമസ്):** കേരള തുളു അക്കാദമി വോർക്കാടി മൊറത്തനെയിൽ സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷം കർണാടക ലോകായുക്ത മുൻ രജിസ്ട്രാർ മൂസാകുഞ്ഞി നായർമൂല ഉദ്ഘാടനം ചെയ്യുന്നു.

## കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്വയംതൊഴിൽ പരിശീലനം

കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്വയം തൊഴിൽ മേഖലയിൽ വിദഗ്ധ പരിശീലനം നൽകുന്നു. കുടുംബശ്രീ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും (പുരുഷൻമാർ ഉൾപ്പെടെ) പരിശീലനത്തിൽ പങ്കെടുക്കാം. ARISE (Acquiring Resilience and Identify through Sustainable Employment ) എന്ന പേരിൽ അറിയപ്പെടുന്ന പദ്ധതിയുടെ രജിസ്ട്രേഷൻ അതാത് സി ഡിഎസ് തലത്തിൽ ജനുവരി 1 ന് ആരംഭിക്കും. 2019 മാർച്ച് 31 നകം പരിശീലനം പൂർത്തീകരിക്കും. സ്വയം തൊഴിൽ പരിശീലനത്തിലൂടെ വ്യക്തിഗത ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കാൻ പിന്തുണ നൽകുന്നതോടൊപ്പം

സംസ്ഥാനതലത്തിൽ കുടുംബശ്രീയുടെ കീഴിലുള്ള സൂക്ഷ്മ സംരംഭ മേഖലയെ ശക്തിപ്പെടുത്തുക എന്നതും ഈ ക്യാമ്പയിൻ ലക്ഷ്യമിടുന്നു.

തൊഴിലാളികളെ കിട്ടാൻ പ്രയാസമുള്ള തൊഴിൽ മേഖലകൾ ഏതെല്ലാമാണെന്നും അയൽകൂട്ട വനിതകൾക്ക് പരിശീലനം നേടാൻ കൂടുതൽ താൽപര്യമുള്ള വ്യത്യസ്ത തൊഴിൽ രംഗങ്ങൾ ഏതൊക്കെയാണെന്നും കണ്ടെത്തുന്നതിനായി ഒക്ടോബർ 28, 29 തീയ്യതികളിൽ  കുടുംബശ്രീ ബ്ലോക്ക് കോർഡിനേറ്റർമാർ മുഖേന സംസ്ഥാനത്ത് നടത്തിയ സർവ്വേ പ്രവർത്തനങ്ങളിൽ ഡാറ്റാ എൻട്രി, പ്ലംബിംഗ്, ഇലക്ട്രോണിക്ക് റിപ്പയറിംഗ്, ഇലക്ട്രിക്കൽ ജോലികൾ, കൃഷി അനുബന്ധ ജോലികൾ, ലോൺട്രി & അയണിംഗ്, സെയിൽസ്, ഹൗസ് കീപ്പിംഗ്, വീട്ട് ജോലി, ഡേ കെയർ എന്നീ 10 മേഖലകളിൽ തൊഴിലവസരങ്ങളുണ്ടെന്ന് കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജനുവരി 1 മുതൽ 15 വരെ സി ഡിഎസ്സുകളിൽ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടക്കും. മാർച്ച് 31 നകം പരിശീലനങ്ങൾ പൂർത്തീകരിക്കും. പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്ന അംഗങ്ങൾക്ക് സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക പിന്തുണയും തുടർ പരിശീലനവും കുടുംബശ്രീ നൽകും. ഓരോ തൊഴിൽ പരിശീലനവുമായി ബന്ധപ്പെട്ട പ്രായപരിധി വിശദാംശങ്ങൾ സി ഡിഎസ്സുകളിൽ ലഭിക്കും. ജില്ലാതലത്തിൽ ചെയർപേഴ്സൺമാർക്കുള്ള പരിശീലന പരിപാടി ജില്ലാമിഷൻ കോർഡിനേറ്റർ ടി.ടി. സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. എ ഡി എം സിമാരായ സി. ഹരിദാസൻ, ഡി. ഹരിദാസ്, ജോസഫ് പെരുകിൽ, പ്രകാശൻ പാലായി, ഡി പി എം ഹരിപ്രസാദ്, ജസീം ഷക്കീൽ തുടങ്ങിയവർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

## റദ്ദായ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ ഡിസംബർ 31 വരെ

01.11.1998 മുതൽ 31.10.2018 വരെയുള്ള കാലയളവിൽ വിവിധ കാരണങ്ങളാർ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തവർക്കും, പുതുക്കാൻ കഴിയാതെ രജിസ്ട്രേഷൻ റദ്ദായി വീണ്ടും റജിസ്റ്റർ ചെയ്തവർക്കും, ജോലി ലഭിച്ച ശേഷം കാലാവധി പൂർത്തിയാക്കാതെ പിരിഞ്ഞു പോന്നവർക്കും (അച്ചടക്ക നടപടി ഒഴികെ). ജോലിയിൽ നിന്നും പിരിഞ്ഞതിന്റെ വിടുതൽ സർട്ടിഫിക്കേറ്റ്  യഥാസമയം എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ രേഖകളിൽ ചേർക്കാത്തവർക്കും സർക്കാർ ഉത്തരവ് പ്രകാരം പഴയ സീനിയോറിറ്റി സഹിതം പുതുക്കി നൽകുന്നു.  (യഥാസമയം പുതുക്കാതിരുന്നവർക്ക് അവരുടെ എംപ്ലോയ്മെന്റ് റജിസ്ട്രേഷൻ കാർഡിൽ അടുത്ത പുതുക്കേണ്ടുന്ന മാസം 10/97 മുതൽ 08/2018 വരെയുള്ള കാലയളവിൽ ഏതെങ്കിലും ആണെങ്കിൽ ഈ സൗകര്യം ലഭിക്കുന്നതാണ്).  ഇതിനായുള്ള അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 31 ആണ്.   രജിസ്ട്രേഷൻ റദ്ദായ ഉദ്യോ

ഗാർത്ഥികൾക്ക് ഡിസംബർ 31ന് മുൻപായി ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എംപ്ലോയ്മെന്റ് ഐഡന്റിറ്റി കാർഡ് , അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം നേരിട്ട് ഹാജരായോ www.employment.kerala.gov.in എന്ന വെബ് സൈറ്റിലെ Special Renewal ഓപ്ഷൻ ഉപയോഗിച്ചോ രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്.

## ക്വിസ് മത്സരം

സംസ്ഥാന യുവജന ക്ഷേമ ബോർഡ് ജില്ലാ യുവജന കേന്ദ്രത്തിൽ ദേശീയ യുവജന ദിനാചരണത്തിന്റെ ഭാഗമായി "വിവേകാനന്ദ ദർശനവും, വർത്തമാന കാലഘട്ടവും" എന്ന വിഷയത്തെ ആസ്പദമാക്കി 2019 ജനുവരി 5-ാം തിയ്യതി രാവിലെ 10 മണിക്ക് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജില്ലയിലെ ഓരോ കോളേജിൽ നിന്നും രണ്ട് പേരടങ്ങുന്ന ഒരു ടീമിനെ ഉൾപ്പെടുത്തിക്കൊണ്ടാണ് മത്സരം സംഘടിപ്പിക്കുന്നത്. ജില്ലാതല വിജയികൾക്ക് യഥാക്രമം 3000/-, 2000/-, 1000/- എന്നിങ്ങനെ ക്യാഷ് പ്രൈസ് നൽകും. ജില്ലാതല മത്സര വിജയികൾക്കായി 2019 ജനുവരി 12-ാം തിയ്യതി സംസ്ഥാനതല മത്സരം സംഘടിപ്പിക്കുന്നതാണ്. പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ പേര് വിവരം 2019 ജനുവരി 2-ാം തിയ്യതി വൈകുന്നേരം 4 മണിക്ക് മുൻപായി ബന്ധപ്പെട്ട കോളേജ് അധികൃതരുടെ സാക്ഷ്യപത്രം സഹിതം ജില്ലാ യുവജന കേ ന്ദ്രത്തിൽ നേരിട്ടോ അല്ലെങ്കിൽ ഇ-മെയിൽ മുഖേനയോ എത്തിച്ച് തരേണ്ടതാണ്. ബന്ധപ്പെടേണ്ട നമ്പർ : 9947603420 (ജില്ലാ കോർഡിനേറ്റർ), 04994 256219 (ജില്ലാ യുവജന കേന്ദ്രം). ഇ-മെയിൽ: ksgd. ksywb@kerala.gov.in

## ക്ഷയരോഗത്തിനെതിരേ തെരുവ് നാടകം

ജില്ലാ ക്ഷയരോഗ നിയന്ത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ഇന്ന് (27) രാവിലെ 10 മണിക്ക് കാസർകോട് പുതിയ ബസ് സ്റ്റാന്റ് പരിസരത്ത് വച്ച് ക്ഷയരോഗ ബോധവൽക്കരണ തെരുവു നാടകം അരങ്ങേറും. എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്യും. ജില്ലാ ടി.ബി. ഓഫീസർ ഡോ. ടി.പി. ആമിന അധ്യക്ഷത വഹിക്കും. പാലക്കുന്ന്, കാഞ്ഞങ്ങാട്, നീലേശ്വരം, ചെറുവത്തൂർ, തൃക്കരിപ്പൂർ എന്നിവടങ്ങളിൽ ബോധവൽക്കരണ തെരുവു നാടകം അവതരിപ്പിക്കും.

## കടാശ്വാസ അദാലത്ത്

ജില്ലയിൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഡിസംബർ മാസം നടത്തുന്ന സിറ്റിംഗ്/അദാലത്ത് നാളെ (28) രാവിലെ 10 മണിക്ക് കാസർകോട് സർക്കാർ ഗസ്റ്റ് ഹൗസിൽ നടത്തും. അദാലത്ത്/സിറ്റിംഗിൽ പങ്കെടുക്കുവാൻ കമ്മീഷനിൽ നിന്നും നോട്ടീസ് കൈപ്പറ്റിയ അപേക്ഷകരും ബന്ധപ്പെട്ട ബാങ്കിന്റെ പ്രതിനിധികളും അന്നേ ദിവസം രാവിലെ ഗസ്റ്റ് ഹൗസിൽ ഹാജരാകണം.

## ക്ഷീര സംഘം സെക്രട്ടറി/ക്ലാർക്കുമാർക്ക് പരിശീലനം

കോഴിക്കോട് ജില്ലയിലെ ബേപ്പൂർ, നടുവട്ടത്തുള്ള (വായനശാല ബസ്സ്റ്റോപ്പ്) കേരള സർക്കാർ ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് കാസർകോട്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, എന്നീ ജില്ലകളിലുള്ള ക്ഷീരോൽപാദക സഹകരണ സംഘം സെക്രട്ടറി/ ക്ലാർക്കുമാർക്ക് മൂന്നുദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. 2019 ജനുവരി 3 മുതൽ 5 വരെയാണ് പരിശീലനം. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ജനുവരി 3ന് രാവിലെ 10 മണിക്ക് മുമ്പായി, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പും, ക്ഷീരസംഘത്തിൽ നിന്നുള്ള കത്തും, 15രൂപ രജിസ്ട്രേഷൻ ഫീസും സഹിതം കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിൽ എത്തി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി സമയങ്ങളിൽ 0495 2414579 എന്ന ഫോൺ നമ്പറിലോ ബ്ലോക്ക് തലത്തിലുള്ള ക്ഷീര വികസന സർവീസ് യൂണിറ്റുമായോ ബന്ധപ്പെടണമെന്ന് ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചു.

## കെയർ പ്രൊവൈഡർ നിയമനം

പരവനടുക്കം ഗവ. മഹിളാ മന്ദിരത്തിൽ കരാർ വ്യവസ്ഥയിൽ വനിതാ കെയർ പ്രൊവൈഡറെ നിയമിക്കുന്നു. സേവന കാലാവധി ഒരു വർഷം. എട്ടാം ക്ലാസ് യോഗ്യതയും സേവന സന്നദ്ധതയുമുള്ള ഉദ്യോഗാർത്ഥികൾ നാളെ (28) രാവിലെ പത്ത് മണിക്ക് പരവനടുക്കം മഹിളാമന്ദിരം ഓഫീസിൽ നടക്കുന്ന കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 04994-235201 എന്ന നമ്പറിൽ ബന്ധപ്പെടുക.

## സാധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

ജില്ലയിലെ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ ആയുർവേദ തെറാപ്പിസ്റ്റിനെ നിയമിക്കുന്നതിനുള്ള സാധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. 2018 മാർച്ചിൽ നടത്തിയ കാറ്റഗറി നമ്പർ: 194/2017 പ്രകാരമുള്ള ആയുർവേദ തെറാപ്പിസ്റ്റ് പരീക്ഷയുടെ സാധ്യതാ

ലിസ്റ്റാണ് പുറത്തിറക്കിയത്. വിശദ വിവരങ്ങൾ പിഎസ്സി വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ നമ്പർ: 04994-230102.

## അഭിമുഖം നാളെ

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ നാളെ (28) രാവിലെ അക്വാ ഗാർഡ് വാട്ടർ എക്സ്പെർട്ട് തസ്തികയിലേക്ക് അഭിമുഖം നടത്തുന്നു. മൂന്ന് ഒഴിവുകളാണുള്ളത്. അടിസ്ഥാന യോഗ്യത എസ്എസ്എൽസി. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ അന്നേ ദിവസം കളക്ടറേറ്റിൽ സ്ഥിതി ചെയ്യുന്ന എംപ്ലോയബിലിറ്റി സെന്ററിൽ തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും അസൽ രേഖകളും സഹിതം 250 രൂപയടച്ച് വൺടൈം രജിസ്റ്റർ ചെയ്ത് അഭിമുഖത്തിൽ പങ്കെടുക്കണം. ഫോൺ: 9207155700, 04994297470

## ലൈവ് ഫിഷ് മാർക്കറ്റ് യൂണിറ്റിന് അപേക്ഷ ക്ഷണിച്ചു

മത്സ്യവകുപ്പ് ജില്ലയിൽ 2018-19 വർഷത്തിൽ നടപ്പിലാക്കുന്ന ലൈവ് ഫിഷ് മാർക്കറ്റ് പദ്ധതിക്കായി  അപേക്ഷ ക്ഷണിച്ചു. മത്സ്യങ്ങളെ സ്റ്റാളുകളിൽ ജീവനോടെ സംഭരിച്ച് വിൽപന നടത്തുന്ന യൂണിറ്റ് സ്ഥാപിക്കുന്നതാണ് പദ്ധതിയുടെ  ലക്ഷ്യം . ഫിഷറീസ് വകുപ്പിൽ നിന്നും പദ്ധതി തുകയായ 3 ലക്ഷം രൂപയുടെ 40 ശതമാനം സബ്സിഡി (1,20,000 രൂപ) ലഭിക്കും. ബാങ്ക് പാസ് ബുക്ക്, ആധാർ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം ജനുവരി 5ന് മുമ്പായി കാഞ്ഞങ്ങാട് മീനാപ്പീസിലുള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ അപേക്ഷ സമർപ്പിക്കണം കൂടുതൽ വിവരങ്ങൾക്ക്  ഫോൺ നമ്പർ : 04672202537, 9747558835.

## ഇന്റേഷൺഷിപ്പ് പോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു

ഈ വർഷം ബിഇ/ബിടെക് പാസ്സായവർക്കും ഫലം പ്രതീക്ഷിക്കുന്ന വിദ്യാർത്ഥികൾക്കുമായി കോഴിക്കോട് കെൽട്രോൺ നോളജ് സെന്ററിൽ തൊഴിലധിഷ്ഠിത ഐടി ഇന്റേൺഷിപ്പ് പോഗ്രാമിലേക്ക്  അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനുമായി കെൽട്രോൺ നോളജ് സെന്റർ, അംബേദ്കർ ബിൽഡിംഗ്, റെയിൽവെ ലിങ്ക് റോഡ്, കോഴിക്കോട് എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ നമ്പർ  8089245760.

## റ്റുഡി ആന്റ് ത്രീഡി ഗെയിം ഡവലപ്മെന്റ് പരിശീലനം

സി-ഡിറ്റ് സൈബർശ്രീ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി റ്റുഡി ആന്റ് ത്രീഡി ഗെയിം ഡവലപ്മെന്റ് പരിശീലനത്തിന് സീറ്റൊഴിവുണ്ട്. തിരുവനന്തപുരത്ത് നടക്കുന്ന പരിശീലനത്തിൽ എഞ്ചിനീയറിംഗ്, എംസിഎ, ബിസിഎ ബിരുധമുള്ള വർക്കും, എഞ്ചിനീയറിംഗ്/ എംസിഎ കോഴ്സ് പൂർത്തീകരിച്ചവർക്കും പങ്കെടുക്കാം. 26 വയസ്സാണ് പ്രായ പരിധി. ആറ് മാസത്തെ പരിശീലനത്തിൽ പങ്കെടുക്കുന്ന വർക്ക് പ്രതിമാസം 3500 രൂപ സ്റ്റൈപന്റ് ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ , വിദ്യാഭ്യാസ യോഗ്യത, വയസ്സ് ,ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതം 2019 ജനുവരി 10ന് സൈബർശ്രീ സെന്റർ, സിഡിറ്റ് പൂർണ്ണിമ തൈക്കാട് പിഒ തിരുവന്തപുരം എന്ന വിലാസത്തിൽ നേരിട്ട് ഹാജരാവണം. പൂരിപ്പിച്ച അപേക്ഷയും മറ്റ് രേഖകളും cybersritraining@gmail.com എന്ന ഇ മെയിലിൽ അയക്കാവുന്നതാണ്. ഫോൺ 04712323949.

## വീഡിയോ എഡിറ്റിങ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാരിന്റെ സ്വയംഭരണസ്ഥാപനമായ കേരള മീഡിയ അക്കാദമി തിരുവനന്തപുരം, എറണാകുളം (കാക്കനാട്) സെന്ററുകളിൽ നടത്തുന്ന വീഡിയോ എഡിറ്റിങ് സർട്ടിഫിക്കറ്റ് കോഴ്സ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ 6 മാസമാണ് കോഴ്സിന്റെ കാലാവധി വീഡിയോ എഡിറ്റിംഗുമായി ബന്ധപ്പെട്ട അതിനൂതന സോഫ്റ്റ്‌വെയറുകളിലുള്ള പരിശീലനവും നൽകും. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 30000 രൂപയാണ് ഫീസ്. പട്ടികജാതി/പട്ടികവർഗ/ഒ.ഇ.സി വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം ലഭിക്കും. പ്ലസ്ടു വിദ്യാഭ്യാസയോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അടിസ്ഥാന യോഗ്യത പരീക്ഷയുടെ മെറിറ്റ് അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പ്രായം 30.11.2018-ൽ 30 വയസ്സ് കവിയരുത്. പട്ടികവിഭാഗക്കാർക്ക് അഞ്ച് വയസ്സ് ഇളവുണ്ട്.

അപേക്ഷ അക്കാദമി വെബ്സൈറ്റായ www.keralamediaacademy.org ൽ ഫോറം ഡൗൺലോഡ് ചെയ്ത് സമർപ്പിക്കാം. അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റുകളുടെ പകർപ്പും വയ്ക്കണം. സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട് എന്ന പേരിൽ എറണാകുളം സർവീസ് ബ്രാഞ്ചിൽ മാറാവുന്ന 300 രൂപയുടെ (പട്ടിക വിഭാഗക്കാർക്ക് 150 രൂപ) ഡിമാൻഡ് ഡ്രാഫ്റ്റും നൽകണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയ്യതി 2019 ജനുവരി 5 . കാക്കനാട് സെന്ററിലേക്കുള്ള അപേക്ഷ സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട് കൊച്ചി-30 , തിരുവനന്തപുരം സെന്ററിലേക്കുള്ള അപേക്ഷ കേരള മീഡിയ അക്കാദമി ,തിരുവനന്തപുരം സബ്ബ് സെന്റർ, ടി.സി 9/1487, ശാസ്തമംഗലം, തിരുവനന്തപുരം-10 എന്ന വിലാസത്തിലാണ് അയയ്ക്കേണ്ടത്. ഫോൺ: 0484 2422275, 0484 2422068.

അവസാനിച്ചു




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**